**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പത്തനംതിട്ട ജില്ലയിലെ കടമ്പനാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.സോണിയ.എസ്-ന് 01.06.2019 മുതൽ 31.05.2022 വരെ പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം. 1180/ 2019/ തസ്വഭവ** **തീയതി, തിരുവനന്തപുരം, 10/ 06/ 2019.**

---

പരാമർശം: 1) ശ്രീമതി.സോണിയ.എസ് ന്റെ 04.05.2019 ലെ ശൂന്യവേതനാവധിയപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 27.05.2019 ലെ PAN/ 6615/ 2019- E10(DP) നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ കടമ്പനാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.സോണിയ.എസ് കേരള യൂണിവേഴ്സിറ്റിയിൽ മലയാളം വിഷയത്തിൽ പി.എച്ച്.ഡി പൂർത്തീകരിക്കുന്നതിനായി 01.06.2019 മുതൽ 31.05.2022 വരെ ശൂന്യവേതനാവധിക്കായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷയും അനുബന്ധങ്ങളും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ഗവേഷണ പ്രവർത്തനങ്ങൾക്കായി യൂണിവേഴ്സിറ്റി കോളേജിലെ പ്രിൻസിപ്പാൾ സമ്മതപത്രം നൽകിയിട്ടുള്ളതും അവധി അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് നൽകിയാൽ മാത്രമേ പൂർണ്ണസമയം പി.എച്ച്.ഡി രജിസ്ട്രേഷനുള്ള അപേക്ഷ പരിഗണിക്കാൻ സാധിക്കുകയുള്ളൂവെന്ന് കേരള യൂണിവേഴ്സിറ്റിയിലെ അസ്സിസ്റ്റന്റ് രജിസ്ട്രാർ നൽകിയ സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീമതി.സോണിയ.എസ് 24.10.2014 ൽ സേവനത്തിൽ പ്രവേശിച്ചു. കൂടാതെ ടിയാളുടെ പ്രൊബേഷൻ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. അവധി അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് ലഭ്യമായാൽ മാത്രമേ ശ്രീമതി. എസ്. സോണിയയുടെ ഫുൾടൈം പി.എച്ച്.ഡി രജിസ്ട്രേഷൻ പരിഗണിക്കാനാവൂ എന്ന് രജിസ്ട്രാർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, പത്തനംതിട്ട ജില്ലയിലെ കടമ്പനാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.സോണിയ.എസ്-ന്, അവധി അനുവദിക്കുന്ന ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം ഉത്തരവ് സ്വമേധയാ റദ്ദാകുന്നതാണ് എന്ന വ്യവസ്ഥയോട്കൂടി 01.06.2019 മുതൽ 31.05.2022 വരെ കെ. എസ്. ആർ , ഭാഗം 1, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കേരള യൂണിവേഴ്സിറ്റിയിൽ മലയാളം വിഷയത്തിൽ പി.എച്ച്.ഡി പൂർത്തീകരിക്കുന്നതിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീമതി.സോണിയ.എസ്, ഓഫീസ് അറ്റൻഡന്റ്, കടമ്പനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, കടമ്പനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധനകാര്യ വകുപ്പ്(6/ 6/ 2019 ലെ ഡെവ്-1/ 131/ 2019-ഫിൻ കുറിപ്പ് പ്രകാരം)

വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)

ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഓഫീസ് പകർപ്പ് (ഇപിഎ 2/ 74/ 2019-തസ്വഭവ)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Danuja M

സെക്ഷൻ ഓഫീസർ

4